STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.254/PR/SPMC/PHQ/2025 Date: 29.08.2025

# വാതിലുകൾ തുറന്നിട്ടു ബസ് സർവീസ്:1269750 രൂപ പിഴ ഈടാക്കി

ഗതാഗത നിയമം ലംഘിച്ചു വാതിലുകൾ തുറന്നിട്ടു സർവീസ് നടത്തിയതിനു 4099 ബസുകളിൽ നിന്നായി 1269750 രൂപ പിഴ ഈടാക്കി. ബസുകളുടെ വാതിലുകൾ തുറന്നിട്ട് സർവീസ് നടത്തുന്നത് തടയുന്നതിനായി ഓഗസ്റ്റ് 20 മുതൽ 26 വരെ റോഡ് സുരക്ഷാ മാനേജ്മെന്റ് ഐ.ജിയുടെ നേതൃത്വത്തിൽ നടത്തിയ സ്പെഷ്യൽ ഡ്രൈവിലാണ് വാഹനങ്ങൾക്ക് പിഴ ഈടാക്കിയത്.

വാതിലുകൾ തുറന്നിട്ട് ബസുകൾ ഓടിക്കുന്നത് യാത്രക്കാർ വീഴാനുള്ള ഗുരുതരമായ അപകടസാധ്യത സൃഷ്ടിക്കുന്നു, പ്രത്യേകിച്ച് പെട്ടെന്നുള്ള ബ്രേക്കിംഗ്, മൂർച്ചയുള്ള വളവുകൾ, തിരക്കേറിയ നഗരപ്രദേശങ്ങൾ എന്നിവയിൽ. ഈ സുരക്ഷിതമല്ലാത്ത രീതി മുമ്പ് നിരവധി ഗുരുതരവും മാരകവുമായ അപകടങ്ങൾക്ക് കാരണമായിട്ടുണ്ട്.

32203 ബസ്സുകൾ പരിശോധിച്ചു. ബസുകളിലെ ജീവനക്കാർക്ക് ബോധവൽക്കരണ ക്ലാസും നടത്തി. ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്, ട്രാഫിക് & റോഡ് സേഫ്റ്റി മാനേജ്മെന്റിന്റെ മേൽനോട്ടത്തിൽ, ജില്ലാ പോലീസ് മേധാവികൾ, ട്രാഫിക് സോണൽ പോലീസ് സൂപ്രണ്ടുമാർ, എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ എന്നിവരുടെ സജീവ പങ്കാളിത്തത്തോടെയാണ് ഈ ഡ്രൈവ് നടത്തിയത്.

പതിവായി തുടർ പരിശോധനകൾ നടത്താൻ ഹൈവേ പട്രോൾ യൂണിറ്റുകൾക്കും എൻഫോഴ്സ്മെന്റ് യൂണിറ്റുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ആവർത്തിച്ചുള്ള നിയമലംഘകർക്കെതിരെ കർശന നടപടി സ്വീകരിക്കും.

ഗതാഗത, റോഡ് സുരക്ഷാ മാനേജ്മെന്റിന്റെ റോഡ് സുരക്ഷാ സംരംഭമായ ശുഭയാത്ര വാട്ട്സ്ആപ്പ് നമ്പറിൽ ( 974700 1099 ) നിയമലംഘനങ്ങൾ പൗരന്മാർക്ക് റിപ്പോർട്ട് ചെയ്യാം.

************************